# ഔഷധസസ്യങ്ങൾ തട്ടിയെടുക്കാൻ പലിശരഹിതവായ്പ

**കേരളീയം ന്യൂസ് സർവ്വീസ്**

തിരുവനന്തപുരം: ജില്ലയിലെ അഗസ്ത്യവനത്തിൽനിന്നും അപൂർവ്വ ഔഷധസസ്യങ്ങൾ തട്ടിയെടുക്കാൻ ആദിവാസികൾക്ക് പലിശരഹിതവായ്പ നല്കുന്നു. കോട്ടൂർ വനത്തിലുള്ള ആദിവാസികളായ കാണിക്കാർക്ക് പലിശ യില്ലാവായ്പ നൽകിയാണ് ഔഷധസസ്യ വേട്ട നടക്കുന്നത്. ആദിവാസി അല്ലാത്ത വേലിക്കുട്ടി എന്നയാൾ നടത്തുന്ന ഒറ്റയാൾ സഹകരണ സംഘമാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്.

കേരളാ സ്റ്റേറ്റ് ഷെഡ്യൂൾഡ്കാസ്റ്റ് ഷെഡ്യൂൾഡ്ട്രൈബ് ഡെവലമെന്റ് കോപ്പറേറ്റീവ് ഫെഡറേഷന്റെ പ്രാഥമിക സംഘമാണ് തന്റെ സ്ഥാപനമെന്ന് വേലുകുട്ടി അവകാശപ്പെടുന്നു. മുപ്പതിനായിരം രൂപവരെ വായ്പനല്കും അതിന്റെ പലിശയായി അയാൾ ആവശ്യപ്പെടുന്ന ഔഷധസസ്യങ്ങൾ ഭീമമായതോതിൽ ശേഖരിച്ച് നല്കണം. നിയന്ത്രണാതീതമായ ഔഷധസസ്യശേഖരണം നിമിത്തം അഗസ്ത്യമലയിലെ പല ഔഷധസസ്യങ്ങളും നാമാവശേഷമായി കഴിഞ്ഞു. അടുത്തകാലത്ത് പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൺ അഗസ്ത്യമലയിലെ 155 ഔഷധസസ്യങ്ങളെ കുറിച്ച്നടത്തിയ പഠനത്തിൽ 25 ൽപരം ഔഷധസസ്യങ്ങൾ വിപണിയിൽ ലഭ്യമാവാത്തവിധം അപ്രത്യക്ഷമായി എന്ന് കണ്ടെത്തുകയുണ്ടായി.

തടിരഹിത വനവിഭവ ശേഖരണം അനുവദനീയമാണ്. അതിന്റെ മറവിൽ ആദിവാസികളെ ചൂഷണം ചെയ്തുനടത്തുന്ന ഔഷസസ്യവേട്ടക്ക് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ട് എന്നറിയുന്നു.